

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P10/44/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 29/03/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P10/44/23 തീയ്യതി: 29/03/2023

കൊല്ലം ജില്ലയിലെ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-06-2022 മുതൽ 09-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-06-2022 മുതൽ 05-12-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി അമ്പിളി എം.ഡി.	ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)	12-12-2022	20-12-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
12-12-2022	20-12-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രഞ്ജിത്ത്കുമാർ ജി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.അനീഷ് വി.എസ്., സീനി.ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ദിവ്യ ജെ., സീനി.ഗ്രേഡ് ഓഡിറ്റർ

ശ്രീ.സുനിൽകുമാർ യു.എസ്., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ശ്രീജ എസ്.കെ.	പ്രസിഡന്റ്	01-04-2021	31-03-2022
ശ്രീ.അജ്മൽ ജെ.	സെക്രട്ടറി	01-04-2021	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സരിതാ ഭാർഗ്ഗവൻ	അസ്സിസ്റ്റന്റ് എഞ്ചിനീയർ	01-04-2021	31-03-2022
ശ്രീമതി ബിന്ദുമോൾ കെ.	കൃഷിഓഫീസർ	01-04-2021	31-03-2022
ശ്രീ.നിഷാന്ത്	വെറ്ററിനറി സർജൻ	01-04-2021	31-03-2022
ശ്രീമതി ശ്രീലക്ഷ്മി എസ്.	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.))	01-04-2021	31-03-2022
ശ്രീമതി മിനി എസ് പൈ	മെഡിക്കൽ ഓഫീസർ (ആയൂർവേദം)	01-04-2021	31-03-2022
ശ്രീമതി പ്രസന്നകുമാരി അമ്മ	ഹെഡ്മിസ്ട്രസ്സ്	01-04-2021	22-12-2021
ശ്രീമതി അനീസ എ.	ഹെഡ്മിസ്ട്രസ്സ്	23-12-2021	31-03-2022
ശ്രീമതി ഷാജിത	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2021	31-03-2022
ശ്രീ.വിശാൽരാജ്	വി.ഇ.ഒ.	01-04-2021	31-03-2022
ശ്രീ.റ്റി.ഡി. ഹരികുമാർ	അസ്സി.സെക്രട്ടറി	01-04-2021	14-07-2021
ശ്രീ.രവിവർമ്മകുമാർ	അസ്സി.സെക്രട്ടറി	15-07-2021	02-02-2022
ശ്രീ.ജി.അനിൽകുമാർ	അസ്സി.സെക്രട്ടറി	02-02-2022	31-03-2022
ശ്രീമതി പത്മജാദേവി	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2021	31-03-2022
ശ്രീ.മേരീദാസൻ	ഫിഷറീസ് സബ്ഇൻസ്പെക്ടർ	01-04-2021	31-03-2022

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക	1-2
3	2021-22 വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ	1-2.1
4	സാമ്പത്തിക വിശകലനം	1-3
5	ഗ്രാന്റ് വിനിയോഗം	1-4
6	പദ്ധതി അവലോകനം	1-5
7	തൊഴിലുറപ്പ് പദ്ധതി	1-6
8	ക്ഷേമ പദ്ധതികൾ	1-7
9	ക്യാഷ് ബാലൻസ്	1-8
10	ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാന്വൽ പാർട്ട് 1 അനുബന്ധം ബി)	1-9
11	മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം	1-10
12	ഉപയോഗ ക്രമത്തിനനുസരിച്ച് നികുതി നിർണ്ണയിച്ചില്ല	1-11
13	വീട്ട് വളപ്പിലെ കുളങ്ങളിലെ മത്സ്യ കൃഷി-ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിക്കാവുന്ന സബ്സിഡി തുകയിൽ അധികമായി 44630/- രൂപ വിതരണം ചെയ്ത ചെലവ് തടസ്സപ്പെടുത്തുന്നു	1-12
14	ബയോഫ്ലോക്ക് മത്സ്യ കൃഷി-ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിക്കാവുന്ന സബ്സിഡി തുകയിൽ അധികമായി 11207/- രൂപ വിതരണം ചെയ്തതു തടസ്സപ്പെടുത്തുന്നു	1-13
15	വെള്ളക്കരം ഒടുക്കിയതിൽ 713016/- രൂപ വാട്ടർ അതോറിറ്റി കുടിശ്ശികയിൽ നിന്നും കുറവ് ചെയ്തില്ല -ചെലവ് തടസ്സപ്പെടുത്തുന്നു	1-14
16	മഴക്കാല പൂർവ ശുചീകരണം-2900/- രൂപ ചെലവഴിച്ചിട്ടില്ല	1-15
17	ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല	1-16
18	ലൈഫ് ഭവന പദ്ധതി-വീട് നിർമ്മാണം ആരംഭിച്ചിട്ടില്ല	1-17
19	ബഡ്സ് സ്കൂളിന്റെ പ്രവർത്തനത്തിനായി തുക മുൻകൂറായി പിൻവലിച്ച് അക്കൗണ്ടിൽ നിക്ഷേപിച്ചു	1-18
20	തൊഴിലുറപ്പ് പദ്ധതി അവലോകനം	1-19
21	പ്രാഥമിക ആരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല	1-20
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		

--- No Records Found ---		
ഭാഗം **4**		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധപത്രികകൾ	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

ഗ്രാമപ്പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 01.03.2021 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 10.03.2022 തീയതിയിലെ 2(1) തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31-07-2022	23/06/2022	-	-

1-2.1 2021-22 വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ

2021-22 വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

1). സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് വാർഷിക കണക്ക് പ്രകാരമുള്ള ചെലവും സുലേഖ ചെലവ് പത്രികയും തമ്മിൽ 5379/- രൂപ വ്യത്യാസം

സുലേഖ ചെലവ് പത്രിക / അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ പ്രകാരമുള്ള ചെലവ് (₹)	വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് വിശദാംശം (₹)	
9243325/-	അക്കൗണ്ട് ശീർഷകം 160100109 (RP-7)	2111301/-
	അക്കൗണ്ട് ശീർഷകം 160100104 (RP-7)	720508/-
	അക്കൗണ്ട് ശീർഷകം 320200104 (RP-7) -B4)	2635824/-
	അക്കൗണ്ട് ശീർഷകം 320200113 (RP-7) -B4)	3781071/-
	ആകെ	9248704/-
വ്യത്യാസം		5379/-

മേൽ വ്യത്യാസം മൂലം ബാധ്യത ശീർഷകങ്ങളിൽ വരുന്ന വ്യത്യാസവും പരിഹരിക്കേണ്ടതാണ്.

2) അക്കൗണ്ട് ശീർഷകം 320200196 (ICDS) ൽ 347035/- രൂപ അധികമായി ചെലവ് രേഖപ്പെടുത്തി യിരിക്കുന്നു

വാർഷിക കണക്ക് പ്രകാരം ഉള്ള ചെലവ്			യഥാർത്ഥ ചെലവ്			
ജേണൽ വൗച്ചർ നം	തീയതി	തുക (₹)	പ്രോജക്ട് നം	ചെക്ക് നം	തീയതി	തുക (₹)
42101362	31/03/2022	1691926/-	47/2022	302112	02/11/2021	377052/-
				303925	09/02/2022	779647/-
				303955	10/03/2022	188305/-
42101364	31/03/2022	33000/-	162/2022	4563767	14/03/2022	32887/-
ആകെ		1724926/-	ആകെ			1377891/-
വ്യത്യാസം						347035/-

3) (Grants From Suchitwa Mission) ൽ 2260855/- രൂപ ചെലവ് രേഖപ്പെടുത്തിയില്ല (ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തിയ അക്കൗണ്ട് ശീർഷകം-320200198)

വാർഷിക കണക്ക് പ്രകാരം ഉള്ള ചെലവ്			യഥാർത്ഥ ചെലവ്			
ജേണൽ വൗച്ചർ നം	തീയതി	തുക(₹)	പ്രോജക്ട് നം	ചെക്ക് നം	തീയതി	തുക(₹)
42101358	31/03/2022	160000/-	151/2022	303943	18/02/2022	55000/-
				303950	03/03/2022	90000/-
				303952	05/03/2022	30000/-
				303962	21/03/2022	90000/-
				303969	25/03/2022	100000/-
				303979	31/03/2022	75000/-
				303897	19/01/2022	10000/-
			99/2022	4961773	29/09/2021	208716/-
			125/2022	4961780	17/11/2021	208031/-
			122/2022	4566804	21/12/2021	182791/-
			98/2022	4563769	18/03/2022	191598/-
			123/2022	4498961	18/03/2022	201921/-
			124/2022	4563770	18/03/2022	206792/-
			90/2022	4961765	18/06/2021	593006/-
			160/22	4498962	18/03/2022	18000/-
			മഴക്കാല പൂർവ ശുചീകരണം	301904	17/05/2021	160000/-
ആകെ		160000/-	ആകെ			2420855/-
വ്യത്യാസം						2260855/-

4) കാനറ ബാങ്ക് PFMS അവാർഡ് അക്കൗണ്ടിൽ പലിശ , ബാങ്ക് ചാർജ്ജ് അക്കൗണ്ട് ചെ യ്തതിൽ 22109/- രൂപയുടെ വ്യത്യാസം

കാനറ ബാങ്ക് PFMS അവാർഡ് അക്കൗണ്ടിൽ പലിശ ഇനത്തിൽ 33985/- രൂപയുടെ വരവും, ബാങ്ക് എസ്.എം.എസ് ചാർജ്ജ് ഇനത്തിൽ 75/- രൂപയുടെ ചെലവും ഉൾപ്പടെ 33913/- രൂപ നിക്ഷേപത്തോടോപ്പം കൂട്ടിച്ചേർക്കേണ്ടതുണ്ട്. എന്നാൽ വാർഷിക കണക്ക് പ്രകാരം അക്കൗണ്ട് ശീർഷകം 320100105 ൽ ആകെ 11804/- രൂപയുടെ ജേണൽ വൗച്ചർ മാത്രമാണ് രേഖപ്പെടുത്തിയത്. 22109/- രൂപയുടെ വ്യത്യാസം അക്കൗണ്ട് ശീർഷകം 320100105 ൽ നിലനിൽക്കുന്നു.

5) അക്കൗണ്ട് ശീർഷകം 320700205 Contributio ns For Joint Venture Projects (District Panchayath Revenue Expenditure) 446922/- രൂപയുടെ ചെ ലവ് രേഖപ്പെടുത്തിയില്ല

പ്രോജക്ട് നം 47/2022, അങ്കണവാടി അന്നപൂരകപോഷകാഹാര പരിപാടി (ജനറൽ) പദ്ധതിക്കായി 29/03/2022 ലെ ചെക്ക് നം 303974 പ്രകാരമുള്ള 446922/- രൂപയുടെ ചെലവ് അക്കൗണ്ട് ശീർഷകം 320700205 Contributions For Joint Venture Projects (District Panchayath Revenue Expenditure) ൽ രേഖപ്പെടുത്തുന്നതിന് പകരം അക്കൗണ്ട് ശീർഷകം 320700105 () ൽ Contributions For Joint Venture Projects (District Panchayath Capital Expenditure) ൽ രേഖപ്പെടുത്തി.

6) അക്കൗണ്ട് ശീർഷകം 320700105 Contributio ns For Joint Venture Projects (District Panchayath

Capital Expenditure)) 424553/- രൂപയുടെ ചെലവ് രേഖപ്പെടുത്തിയില്ല

പ്രോജക്ട് നം 91/2022, ശൂരനാട് കുഞ്ഞൻപിള്ള പഠനഗവേഷണകേന്ദ്രം പദ്ധതിക്കായി 24/07/2021 ലെ ചെക്ക് നം 4961768 പ്രകാരമുള്ള 424553/- രൂപയുടെ ചെലവ് അക്കൗണ്ട് ശീർഷകം 320700105 Contributions For Joint Venture Projects (District Panchayath Capital Expenditure) ൽ രേഖപ്പെടുത്തുന്നതിന് പകരം അക്കൗണ്ട് ശീർഷകം 320700205 () ൽ Contributions For Joint Venture (District Panchayath Revenue Expenditure)) ൽ രേഖപ്പെടുത്തി.

7) Receivables Of Redumption (431500199) അക്കൗണ്ട് ശീർഷകം മുന്നിരുപ്പിൽ 377100/- രൂപയുടെ കുറവ്

Receivables Of Redumption (431500199) അക്കൗണ്ട് ശീർഷകം മുന്നിരുപ്പ് 5990622/- രൂപയാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷം LGTSB അക്കൗണ്ട് നമ്പർ 799013000000883 ൽ 04/04/2021 ൽ 5350346/- രൂപയും Joint Venture അക്കൗണ്ട് നമ്പർ 799011400000951 ൽ 04/04/2021 ൽ 891976/- രൂപയും Covid അക്കൗണ്ട് നമ്പർ 799012900000610 ൽ 04/04/2021 ൽ 125400/- രൂപയും ഉൾപ്പടെ 6367722/- രൂപയുടെ വരവ് ഉണ്ട് .

8) 2021-22 വാർഷിക കണക്ക് RP 45 ഷെഡ്യൂൾ പ്രകാരം Out Door Collection Control Account (431910201) ൽ 28535/- രൂപ ക്ലാസിഫൈ ചെയ്യാത്തതായി നിലനിൽക്കുന്നു

2021-22 വാർഷിക കണക്ക് RP 45 ഷെഡ്യൂൾ പ്രകാരം 28535/- രൂപ Out Door Collection Control Account (431910201) ൽ വരവ് -ചെലവ് തുകയായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പ്രസ്തുത ലെഡ്ജറിൽ 28535/- രൂപ വിവിധ വരവ് ശീർഷകങ്ങളിലേക്ക് ക്ലാസിഫൈ ചെയ്യാൻ നീക്കിയിരുപ്പുള്ളതായി കാണിക്കുന്നില്ല.

9) 11544/- രൂപയുടെ ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയില്ല

പ്രോജക്ട് നം 59/2022 എന്റെ പള്ളിക്കുടം പദ്ധതി സ്കൂളുകളുടെ ഭരണ നിർവഹണച്ചെലവ് ഇനത്തിൽ 26/03/2022 ലെ ചെക്ക് നം 303972 പ്രകാരം 11544/- രൂപയും, 19/01/2022 ലെ ചെക്ക് നം 303898 പ്രകാരം 10460/- രൂപയും, 20/09/2021 ലെ ചെക്ക് നം 302053 പ്രകാരം 6289/- രൂപയും ഉൾപ്പടെ 28293/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം 16749/- രൂപയാണ് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചതായി കാണിച്ചിട്ടുള്ളത്. 11544/- രൂപയുടെ ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയില്ല.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	18256689/-രൂപ
വരവ്	112890573/-രൂപ
ആകെ	131147262/-രൂപ
ചെലവ്	106064325/-രൂപ
നീക്കിയിരിപ്പ്	25082937/-രൂപ
വരവിനങ്ങളിലെ നഷ്ടം	ഇല്ല
ഓഡിറ്റിൽ അംഗീകരിക്കാത്ത തുക/ നിരാകരിക്കുന്ന തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1139261/-രൂപ

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	ഒ.ബി	വരവ്	ആകെ	ചെലവ്	സി.ബി	റിമാർക്ക്സ്
വികസന ഫണ്ട്-ജനറൽ	0	14560077/-	14560077/-	14010000/-	550077/-	

വികസന ഫണ്ട്- എസ്.സി.പി	0	10347091/-	10347091/-	9732000/-	615091/-	
മെയിന്റനൻസ്, റോഡ്	0	14191000/-	14191000/-	14109047/-	81953/-	
മെയിന്റനൻസ്, നോൺ-റോഡ്	0	6778065/-	6778065/-	5390081/-	1387984/-	
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(basic Grant) TREASURY	0	1041576/-	1041576/-	720508/-	321068/-	വാർഷിക കണക്കിലെ സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ചെലവ് തുകയിൽ അപാകത ഖ 1.2.1 ൽ പരാമർശിച്ചിട്ടുണ്ട്
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) (TREASURY)	0	3136764/-	3136764/-	2111301/-	1025463/-	
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) BANK	0	3913000/-	3913000/-	3781071/-	131929/-	
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) BANK	0	2642782/-	2642782/-	2635824/-	6958/-	
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ						
എം.ജി.എൻ.ആർ.ഇ.ജി.എസ് അഡ്മിനിസ്ട്രേറ്റീവ് ചെലവ്	84847/-	1559139/-	1643986/-	1643966/-	20/-	
ICDS (320100125)	33000/-	0	33000/-	33000/-	0	33000/- രൂപ 320100125 എന്ന ശീർഷകത്തിലേക്ക് വക കൗള്ളിച്ചു
ICPS (ICDS 320100196)	1260157/-	985164/-	2245321/-	1724926/-	520395/-	വാർഷിക കണക്കിലെ ICDS ചലവ് തുകയിൽ അപാകത ഖ 1.2.1 ൽ പരാമർശിച്ചിട്ടുണ്ട്
TSC	3236335/-	71227/-	3307562/-	0	3307562/-	
സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ						
Life State Share	1470000/-	10200000/-	11670000/-	7743255/-	3926745/-	AFS 3926745 Payment As Per AFS 7743255
Literacy	0		0		0	
ശുചിത്വമിഷൻ	276292/-	160000/-	436292/-	160000/-	276292/-	വാർഷിക കണക്കിലെ ശുചിത്വമിഷൻ ചെലവ് തുകയിൽ അപാകത പരാമർശിച്ചിട്ടുണ്ട്

സോഷ്യൽ ജസ്റ്റിസ് ക്യാപ്പിറ്റൽ	5246/-	236/-	5482/-	0	5482/-	
ഗ്രാന്റ്-അദർ പർപ്പസ്സ്	335600/-		335600/-	335600/-	0	
അദർ ഗവ.ഏജൻസീസ്	200000/-	13149/-	213149/-	213149/-	0	
ഇന്റർനാഷണൽ ഓർഗ്ഗനൈസേഷൻ-ക്യാപ്പിറ്റൽ	35090/-	1579/-	36669/-	0	36669/-	
അവാർഡ് - സെൻട്രൽ ഗവ.	0	1511804/-	1511804/-	0	1511804/-	
അവാർഡ് - സ്റ്റേറ്റ്	0	200000/-	200000/-		200000/-	

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ ₹	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് ₹	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
152	191349084/-	114	91807108/-	26	12	75%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരുപ്പ് ₹
എം.ജി.എൻ.ആർ.ഇ.ജി.എസ് തൊഴിലാളികളുടെ കൂലി	0	69478543/-	69478543/-	69478543/-	0
ഭരണചെലവുകൾ	84847/-	1559139/-	1643986/-	1643966/-	20/-

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക(₹)
തൊഴിൽരഹിത വേതനം	122400/-
കർഷകതൊഴിലാളി പെൻഷൻ	2781800/-
വിധവാപെൻഷൻ	16337300/-
വാർദ്ധക്യകാലപെൻഷൻ	28991800/-
വികലാംഗപെൻഷൻ	5773700/-
50 വയസ്സിനുമേലുള്ള അവിവാഹിതർക്കുള്ള പെൻഷൻ	118000/-
വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം	180000/-

1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.12.22 03.12 P.M-ന് ഹെഡ് ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8894/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാന്വൽ പാർട്ട് 1 അനുബന്ധം ബി)

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന

തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്. മാനുവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ട ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പെയ്മെന്റുകൾ യഥാസമയം ആധികാരികമാക്കുകയും സാംഖ്യ വൌച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു.
ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിൽ ചേർക്കുന്ന എൻട്രികൾ ഏത് വർഷവുമായി ബന്ധപ്പെട്ടതാണെന്ന് കൃത്യമായി രേഖപ്പെടുത്തുന്നില്ല. റോഡ് കണക്ടിവിറ്റി പ്ലാൻ, സോഷ്യൽ മാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.
മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ എല്ലാ പദ്ധതികളുടെയും ഫയലുകളിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഇല്ല.

1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	12/08/2022	04-2022 To 06-2022	12/08/22
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	23/2/2017	2011-12 മുതൽ 2015-16 വരെ	22/4/17

1-11 ഉപയോഗ ക്രമത്തിനനുസരിച്ച് നികുതി നിർണ്ണയിച്ചില്ല

ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിലെ 643, 644, 645-ാം നമ്പർ കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണം ഉള്ള കെട്ടിടത്തിന്റെ ഗണത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. എന്നാൽ ടി നമ്പർ കെട്ടിടത്തിൽ ശ്രീ. യൂനസ് കുഞ്ഞ്, എസ്.എസ്. വില്ല, ശ്രീനാട് തെക്ക്, കക്കാകുന്ന് എന്ന വ്യക്തി സൂപ്പർമാർക്കറ്റ് നടത്തുന്നതിനുള്ള ലൈസൻസിനായി അപേക്ഷ സമർപ്പിക്കുകയും അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ മേൽ നമ്പർ പ്രകാരമുള്ള കെട്ടിടങ്ങളെ വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സ് എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയിക്കേണ്ടത്. ഇത്തരത്തിൽ നികുതി നിർണ്ണയിക്കാത്തതിനാൽ നികുതി ഇനത്തിൽ കുറവ് വരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

കെട്ടിട നമ്പർ	തറ വിസ്തീർണ്ണം	നിർണ്ണയിച്ചിരിക്കുന്ന നികുതി @40/-രൂപ (ലൈബ്രറി സെസ്സ്, നിയമാനുസൃതമായ വർദ്ധനവ്, ഇളവ് ഉൾപ്പെടെ)	നിർണ്ണയിക്കേണ്ട നികുതി @50/- (ലൈബ്രറി സെസ്സ്, നിയമാനുസൃതമായ വർദ്ധനവ്, ഇളവ് ഉൾപ്പെടെ)	വ്യത്യാസം
643, 644, 645	87.93ച.മീ	4066/-	4946/-	880/-

നികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതാണെന്ന് മേൽ അപാകത ചൂണ്ടികാണിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. വസ്തുനികുതി നിർണ്ണയത്തിലൂടെ നഷ്ടമായ 880/-രൂപ നിയമാനുസൃത കുടിശ്ശിക ഉൾപ്പെടെ ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി-13-19.12.2022

1-12 വീട്ട് വളപ്പിലെ കുളങ്ങളിലെ മത്സ്യ കൃഷി-ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിക്കാവുന്ന സബ്സിഡി തുകയിൽ അധികമായി 44630/- രൂപ വിതരണം ചെയ്ത ചെലവ് തടസ്സപ്പെടുത്തുന്നു

നിർവഹണോദ്യോഗസ്ഥൻ	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് /സെക്രട്ടറി (15/03/2022 ലെ 1(3) തീരുമാനപ്രകാരം തുക നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി)
പദ്ധതി നം./പേര്	134/2022 സുഭിക്ഷ കേരളം –വീട്ട് വളപ്പിലെ കുളങ്ങളിലെ മത്സ്യ കൃഷി
അടങ്കൽ തുക	₹31568/- (വികസന ഫണ്ട് പൊതുവിഭാഗം) ₹10824/- (ധനകാര്യ കമ്മീഷൻ അവാർഡ്) ₹164000/- (സംസ്ഥാനാവിഷ്കൃത ഫണ്ട്) ₹39608/-(തനത് ഫണ്ട്) ₹246000/- (ജില്ലാ പഞ്ചായത്ത്) ₹738,000/-(മറ്റുള്ളവ) ആകെ – ₹1230000/-
ചെലവ് തുക	₹10824/- ബിൽ നം 34/ 26-03-2022 (ധനകാര്യ കമ്മീഷൻ അവാർഡ്) ₹31568/- ബിൽ നം 33/ 26-03-2022 (വികസന ഫണ്ട് പൊതുവിഭാഗം) ₹99430/- ബിൽ നം 38/ 31-03-2022 (ജില്ലാ പഞ്ചായത്ത്) ആകെ – ₹141822/-

29.05.2020 ലെ സ.ഉ.(സാധാ)നം.1009/2020/തസ്വഭവ. ഖ.4.2.1പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖ പ്രകാരം 123000/- രൂപയാണ് യൂണിറ്റ് കോസ്റ്റായി നിശ്ചയിച്ചിട്ടുള്ളതാണ്. പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് യൂണിറ്റ് ചെലവിന്റെ 40% സബ്സിഡി അനുവദിനീയമാണ്. 40% സബ്സിഡിയുടെ 2/3 ഭാഗം തദ്ദേശഭരണ സ്ഥാപനവും 1/3 ഭാഗം ഫിഷറീസ് വകുപ്പുമാണ് വഹിക്കേണ്ടത്. അതായത് 123000/- രൂപ ചെലവഴിക്കുന്ന ഗുണഭോക്താവിന് ആനുപാതികമായി ഗ്രാമ പഞ്ചായത്തിന് അനുവദിക്കാവുന്ന സബ്സിഡി തുക 32800/- രൂയാണ് എന്നാൽ മേൽ പദ്ധതിയിൽ ഓഡിറ്റിന് ലഭ്യമാക്കിയ ചെലവ് രേഖകൾ പരിശോധിച്ചതിൽ ചെലവ് തുകയക്ക് ആനുപാതികമല്ലാതെ തദ്ദേശഭരണസ്ഥാപനത്തിലെ വിഹിതം പരിധി കടന്ന് അധിക സബ്സിഡി ചെലവഴിച്ചതായി കാണുന്ന വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	ഗുണഭോക്താവിന്റെ പേര്	ചെലവിനം	ഉത്തരവ് പ്രകാരം വകയിരുത്തിയ തുക ₹	ഗുണഭോക്താവ് ചെലവഴിച്ച തുക ₹	അംഗീകരിക്കാവുന്ന ചെലവ് തുക ₹	തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകാവുന്ന സബ്സിഡി ₹	നൽകിയ സബ്സിഡി ₹
1	പൂക്കുഞ്ഞ്	കുളം കുഴിക്കൽ	18400/-	20000/-	18400/-		ബിൽ നം 33/ 26-03-2022 = 8500/- ബിൽ നം 38/ 31-03-2022= 22780/-
		പോളിത്തീൻഷീറ്റ് & അനുബന്ധ സാമഗ്രികൾ	38000/-	56808/-	38000/-		
		വാട്ടർ പമ്പ്/ അനുബന്ധ സാമഗ്രികൾ	17600/-	7020/-	17600/-		
		വെഞ്ചുറി പമ്പ് / അനുബന്ധ സാമഗ്രികൾ		11520/-			
		സംരക്ഷിത വല		4532/-			

		മറ്റ് ഉപകരണങ്ങൾ		0			31280/-
		മത്സ്യ വിത്ത്	6000/-	6000/-	6000/-		
		മെജ്സിൻ/ പ്രോബയോട്ടിക്	2000/-	0	0		
		തീറ്റ	41000/-	0	0		
		ആകെ	123000/-	105880/-	80000/-	21333/-	
		അധികം അനുവദിച്ച തുക					9947/-
2	രാധാകൃഷ്ണൻ	കുളം കഴിക്കൽ	18400/-	20000/-	18400/-		ബിൽ നം 33/ 26-03-2022 =8500/- ബിൽ നം 38/ 31-03-2022 =22508/-
		പോളിത്തീൻഷീറ്റ് & അനുബന്ധ സാമഗ്രികൾ	38000/-	35520/-	35520/-		
		വാട്ടർ പമ്പ്/ അനുബന്ധ സാമഗ്രികൾ	17600/-	4478/-	17600/-		
		വെഞ്ചുറി പമ്പ് / അനുബന്ധ സാമഗ്രികൾ		12520/-			
		സംരക്ഷിത വല		1877/-			
		മറ്റ് ഉപകരണങ്ങൾ		3400/-			
		മത്സ്യ വിത്ത്	6000/-	6000/-	6000/-		
		മെജ്സിൻ/ പ്രോബയോട്ടിക്	2000/-	0			
		തീറ്റ	41000/-	0	0		
		ആകെ	123000/-	83795/-	77520/-	20672/-	31008/-
		അധികം അനുവദിച്ച തുക					10336/-
3	ശശിധരൻ നായർ	കുളം കഴിക്കൽ	18400/-	21500/-	18400/-		ബിൽ നം 33/ 26-03-2022 =8500/- ബിൽ നം 38/ 31-03-2022 =21440/-
		പോളിത്തീൻഷീറ്റ് & അനുബന്ധ സാമഗ്രികൾ	38000/-	34126/-	34126/-		
		വാട്ടർ പമ്പ്/ അനുബന്ധ സാമഗ്രികൾ	17600	4503/-	17600/-		
		വെഞ്ചുറി പമ്പ് / അനുബന്ധ സാമഗ്രികൾ		12770/-			
		സംരക്ഷിത വല		4458/-			
		മറ്റ് ഉപകരണങ്ങൾ		525/-			
		മത്സ്യ വിത്ത്	6000/-	6000/-	6000/-		

		മെജ്സിൻ/ പ്രോബയോട്ടിക്	2000/-	0			
		തീറ്റ	41000/-	0	0		
		ആകെ	123000/-	83882/-	76126/-	20300/-	29940/-
		അധികം അനുവദിച്ച തുക					9640/-
4	സുജാത	കുളം കുഴിക്കൽ	18400/-	20000/-	18400/-		ബിൽ നം 34/ 26-03-2022 =2482/- ബിൽ നം 33/ 26-03-2022 =6068/- ബിൽ നം 38/ 31-03-2022 =19524/-
		പോളിത്തീൻഷീറ്റ് & അനുബന്ധ സാമഗ്രികൾ	38000/-	36580/-	36580/-		
		വാട്ടർ പമ്പ്/ അനുബന്ധ സാമഗ്രികൾ	17600/-	10544/-	17600/-		
		വെഞ്ചുറി പമ്പ് / അനുബന്ധ സാമഗ്രികൾ		10281/-			
		സംരക്ഷിത വല		855/-			
		മറ്റ് ഉപകരണങ്ങൾ		350/-			
		മത്സ്യ വിത്ത്	6000/-	0	0		
		മെജ്സിൻ/ പ്രോബയോട്ടിക്	2000/-	0	0		
		തീറ്റ	41000/-	0	0		
		ആകെ	123000/-	78610/-	72580/-	19355/-	28074/-
		അധികം അനുവദിച്ച തുക					8719/-
5	അനന്തുരാജ്	കുളം കുഴിക്കൽ	18400/-	18000/-	18000/-		ബിൽ നം 34/ 26-03-2022 =8342/- - ബിൽ നം 38/ 31-03-2022 =13178/- 21520/-
		പോളിത്തീൻഷീറ്റ് & അനുബന്ധ സാമഗ്രികൾ	38000/-	18000/-	18000/-		
		വാട്ടർ പമ്പ്/ അനുബന്ധ സാമഗ്രികൾ	17600/-	0	16247/-		
		വെഞ്ചുറി പമ്പ് / അനുബന്ധ സാമഗ്രികൾ		14217/-			
		സംരക്ഷിത വല		2030/-			
		മറ്റ് ഉപകരണങ്ങൾ					
		മത്സ്യ വിത്ത്	6000/-	6000/-	6000/-		
		മെജ്സിൻ/ പ്രോബയോട്ടിക്	2000/-	0	0		
		തീറ്റ	41000/-	0	0		

	ആകെ	123000/-	58247/-	58247/-	15532/-
	അധികം അനുവദിച്ച തുക				5988/-
തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്ന് അധികമായി നൽകിയ സബ്സിഡി					44630/-

മേൽ ഗുണഭോക്താക്കൾക്ക് മത്സ്യത്തീറ്റ ഒഴിവാക്കിയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്ന് ചെലവ് വൗച്ചറുകൾ സമർപ്പിച്ചിരിക്കുന്നത്. ഓഡിറ്റിന് ലഭ്യമാക്കിയ ചെലവ് രേഖകൾ പ്രകാരം 29.05.2020 ലെ സ.ഉ.(സാധാ)നം.1009/2020/തസ്വഭവ. ഖ.4.2.1 ലെ നിബന്ധനകൾക്ക് വിധേയമായി ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിക്കാവുന്ന സബ്സിഡി തുകയിൽ അധികമായി 44630/- രൂപ വിതരണം ചെയ്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ 44630/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഹാജരാക്കിയ ചെലവ് രേഖകൾ പ്രകാരം തദ്ദേശ ഭരണ സ്ഥാപനത്തിൽ നിന്ന് അധികമായി നൽകിയ സബ്സിഡി തുക ഫിഷറീസ് വകുപ്പിൽ നിന്ന് ഈടാക്കി ക്രമീകരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. :
തടസ്സപ്പെടുത്തുന്ന തുക : ₹44,630/-

1-13 ബയോഫ്ലോക്ക് മത്സ്യ കൃഷി-ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിക്കാവുന്ന സബ്സിഡി തുകയിൽ അധികമായി 11207/- രൂപ വിതരണം ചെയ്തത തടസ്സപ്പെടുത്തുന്നു

നിർവഹണോദ്യോഗസ്ഥൻ	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് / സെക്രട്ടറി (15/03/2022 ലെ 1(3) തീരുമാനപ്രകാരം തുക നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി)
പദ്ധതി നം./പേര്	135/22 സുഭിക്ഷ കേരളം – ബയോഫ്ലോക്ക് മത്സ്യ കൃഷി
അടങ്കൽ തുക	₹46000/- (വികസന ഫണ്ട് പൊതുവിഭാഗം) ₹46000/- (ധനകാര്യ കമ്മീഷൻ അവാർഡ്) ₹184000/- (സംസ്ഥാനാവിഷ്കൃത ഫണ്ട്) ₹276000/- (ജില്ലാ പഞ്ചായത്ത്) ₹8258,000/-(മറ്റുള്ളവ) ആകെ – ₹13,80,000/-
ചെലവ് തുക	₹35740/- ബിൽ നം 35/ 26-03-2022 (ധനകാര്യ കമ്മീഷൻ അവാർഡ്) ആകെ – ₹35740/-

29.05.2020 ലെ സ.ഉ.(സാധാ)നം.1009/2020/തസ്വഭവ. ഖ.4.3പ്രകാരം പദ്ധതിയുടെ ബയോഫ്ലോക്ക് മത്സ്യ കൃഷിമാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം 138000/- രൂപയാണ് യൂണിറ്റ് കോസ്റ്റായി നിശ്ചയിച്ചിട്ടുള്ളതാണ് പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് യൂണിറ്റ് ചെലവിന്റെ 40% സബ്സിഡി അനുവദിനീയമാണ്. 40% സബ്സിഡിയുടെ 2/3 ഭാഗം തദ്ദേശഭരണ സ്ഥാപനവും 1/3 ഭാഗം ഫിഷറീസ് വകുപ്പുമാണ് വഹിക്കേണ്ടത്. അതായത് 138000/- രൂപ ചെലവഴിക്കുന്ന ഗുണഭോക്താവിന് ആനുപാതികമായി ഗ്രാമ പഞ്ചായത്തിന് അനുവദിക്കാവുന്ന സബ്സിഡി തുക 36800/- രൂയാണ് എന്നാൽ മേൽ പദ്ധതിയിൽ ഓഡിറ്റിന് ലഭ്യമാക്കിയ ചെലവ് രേഖകൾ പരിശോധിച്ചതിൽ ചെലവ് തുകയക്ക് ആനുപാതികമല്ലാതെ തദ്ദേശഭരണ സ്ഥാപനത്തിലെ വിഹിതം പരിധി കടന്ന് അധിക സബ്സിഡി ചെലവഴിച്ചതായി കാണുന്ന വിശദാംശം ചുവടെ ചേർക്കുന്നു

ക്രമ	ഗുണഭോക്താ	ചെലവിനം	ഉത്തരവ്	ഗുണഭോ	അംഗീകരി	തദ്ദേശ	നൽകിയ

നം	വിന്റെ പേര്		പ്രകാരം വകയിരുത്തിയ തുക ₹	ക്കാവ് ചെലവഴിച്ച തുക ₹	ക്കാവുന്ന ചെലവ് തുക ₹	സ്വയംഭരണ സ്ഥാപനത്തിന് നൽകാവുന്ന സബ്സിഡി ₹	സബ്സിഡി ₹
1	സജിമോൻ	ബയോഫ്ലോക്ക് ടാങ്ക്/ അനുബന്ധ സാമഗ്രികൾ	35000/-	35792/-	35000/-		35740/- ബിൽ നം 35/ 26-03-2022
		മേൽക്കൂര	5600/-	11358/-	5600/-		
		വൈദ്യുതീകരണം, പ്ലമ്പിങ്, ജനറേറ്റർ, അനുബന്ധ സാമഗ്രികൾ	51400/-	8118/-	51400/-		
		എയർ പമ്പ്/		15000/-			
		ജനറേറ്റർ,		27000/-			
		ഫ്ലോക്ക് കോൺ , ജല ഗുണനിലവാരക്കിറ്റ്		8779/-			
		ട്രാസ്സ്, ബാരൽ		3050/-			
		മറ്റ് സൗകര്യങ്ങൾ		800/-			
		മത്സ്യ വിത്ത്	10000/-	0	0		
		തീറ്റ	23300/-	0	0		
		മറ്റ് ചെലവ്	12700/-	0	0		
		ആകെ	138000/-	109897/-	92000/-	24533/-	
		അധികം അനുവദിച്ച തുക					11207/-

മേൽ ഗുണഭോക്താക്കൾക്ക് മത്സ്യത്തീറ്റ സംബന്ധിച്ച ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ഓഡിറ്റിന് ലഭ്യമാക്കിയ ചെലവ് രേഖകൾ പ്രകാരം 29.05.2020 ലെ സ.ഉ.(സാധാ)നം. 1009/2020/തസ്വഭവ. ഖ.4.2.1 ലെ നിബന്ധനകൾക്ക് വിധേയമായി ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിക്കാവുന്ന സബ്സിഡി തുകയിൽ അധികമായി 11207/- രൂപ വിതരണം ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/12-2022 മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ 11207/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തദ്ദേശഭരണ സ്ഥാപനത്തിൽ നിന്ന് അധികമായി സബ്സിഡി നൽകിയ 11207/-രൂപ ഫിഷറീസ് വകുപ്പിൽ നിന്ന് ഈടാക്കി ഒടുക്കു വരുത്തി രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-14 വെള്ളക്കരം ഒടുക്കിയതിൽ 713016/- രൂപ വാട്ടർ അതോറിറ്റി കുടിശ്ശികയിൽ നിന്നും കുറവ് ചെയ്തില്ല -ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. 116 , (വെള്ളക്കരം അടവ്) പ്രകാരം 2021-22 സാമ്പത്തിക വർഷം ആകെ 2139048/- രൂപ (1782540/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് + 356508/- രൂപ തനത് ഫണ്ട്) വെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റി പ്രതിമാസം സമർപ്പിക്കുന്ന ഡിമാന്റ് നോട്ടീസ് പരിശോധിച്ചതിൽ ആകെ 1426032/- രൂപ മാത്രമാണ് വെള്ളക്കരം ഒടുക്കിയതായി കണക്കാക്കി കുടിശ്ശികയിൽ നിന്നും കുറവ് ചെയ്ത്. വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ 713016/- രൂപ കുടിശ്ശികയിൽ നിന്നും കുറവ് ചെയ്തിട്ടില്ല. വിശദാശം ചുവടെ ചേർക്കുന്നു.

എ വാട്ടർ അതോറിറ്റിയിൽ ഓടുക്കിയ തുകയുടെ വിശദാംശം

മാസം	വൗച്ചർ നം	തീയതി	ചെക്ക് നം	തീയതി	തുക ₹
04/2021	22100129	19/05/21	301909	19/05/21	178254/-
05/2021	22100136	19/05/21	301909	19/05/21	178254/-
06/2021	22100362	30/07/21	301998	30/07/21	178254/-
07/2021	22100363	30/07/21	301998	30/07/21	178254/-
08/2021	22100630	18/10/21	Pfms E Gramswaraj	11/10/21	356508/-
09/2021	22100631	18/10/21	Pfms E Gramswaraj	11/10/21	
10/21, 11/21	22100848	13/12/21	Pfms E Gramswaraj	03/12/21	356508/-
12/21	22100883	21/12/21	Pfms E Gramswaraj	14/12/21	178254/-
01/22	22100975	21/01/22	Pfms E Gramswaraj	19/01/22	178254/-
02/22	22101098	18/02/22	303943	18/02/22	178254/-
03/22	22101352	29/03/22	303974	29/03/22	178254/-
					2139048/-

ബി വാട്ടർ അതോറിറ്റി ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള കുടിശ്ശിക വിശദാംശം

ക്രമനം	മാസം	മുന്നിരുപ്പ് ₹	പിഴ പലിശ ₹	തൻമാസ വാട്ടർ ചാർജ്ജ് ₹	കുടിശ്ശിക ₹	കുടിശ്ശിക മുന്നിരുപ്പിൽ നിന്നും കുറവ് ചെയ്ത തുക ₹
1	04/2021	19061834	373903	178254	19613991	
2	05/2021	19613991	384802	178254	20177047	0
3	06/2021	19820539	388715	178254	20387508	356508
4	07/2021	20387508	399976	178254	20965738	0
5	08/2021	20965738	411315	178254	21555307	0
6	09/2021	21198799	415750	178254	21792803	356508
7	10/2021	21792803	427541	178254	22398598	0
8	11/2021	22398598	439421	178254	23016273	0
9	12/2021	23016273	451537	178254	23646064	0
10	01/2022	23467810	460325	178254	24106389	178254
11	02/2022	23928135	469356	178254	24575745	178254
12	03/2022	24397491	478563	178254	25054308	178254
13	04/2022	24876054				178254
				2139048		1426032

വെള്ളക്കരം ഒടുക്കിയതുകയിൽ കുടിശ്ശികയിൽ നിന്നും കുറവ് ചെയ്യാത്ത തുക = 713016/-

1. 713016/- രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയത് കുടിശ്ശികയിൽ കുറവ് ചെയ്യാത്ത വിവരം വാട്ടർ അതോറിറ്റി അധികൃതരുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/14-12-2022) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ 713016/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. 713016/- രൂപ കുടിശ്ശികയിൽ നിന്നും കുറവ് ചെയ്ത രേഖകൾ ഹാജരാക്കി തടസ്സം ഓഴിവാക്കേണ്ടതാണ്.

04/2022 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 03/2022ൽ 24876054/- രൂപ വാട്ടർ ചാർജ്ജ് ഇനത്തിൽ കുടിശ്ശികയായി അവശേഷിക്കുന്നതായി കാണുന്നു. എന്നാൽ ടി തുകയുടെ ആധികാരികതയും കാലയളവും

വ്യക്തമാക്കുന്ന രജിസ്റ്ററുകൾ ഗ്രാമപഞ്ചായത്തിൽ പരിപാലിച്ചിട്ടില്ലാത്തതിനാൽ, മുൻകാലങ്ങളിൽ വാട്ടർ ചാർജ്ജ് ഒടുക്കിയതും, സ്രോതസ്സിൽ കുറവ് ചെയത് ഒടുക്കിയതുമായ തുകകൾ കുടിശ്ശികയിൽ ഉൾപ്പെടുന്നില്ല എന്ന ഉറപ്പാക്കാൻ കഴിയുന്നില്ല. ഈ സാഹചര്യത്തിൽ ഡിമാന്റ് നോട്ടീസിൽ കുടിശ്ശികയായി ഉൽപ്പെടുത്തിയ 24876054/- രൂപയുടെ ആധികാരികത ഉറപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-15 മഴക്കാല പൂർവ ശുചീകരണം-2900/- രൂപ ചെലവഴിച്ചിട്ടില്ല

2021 -22 സാമ്പത്തിക വർഷം മഴക്കാല പൂർവ ശുചീകരണം പ്രവൃത്തികളുടെ ഭാഗമായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 10/05/2021 ലെ എസ്. സി 4-1807/2021 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചെക്ക് നം 301904 തീ. 17/05/2021 പ്രകാരം 10000/- രൂപ വീതം ആകെ 160000/- രൂപ 16 വാർഡ് തല ശുചിത്വസമിതികളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട് .എന്നാൽ മേൽ തുകയുടെ ക്രമീകരണ വൗച്ചറുകളും വാർഡ് തല ശുചിത്വസമിതികളുടെ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ 2900/- രൂപ ചെലവഴിച്ചിട്ടില്ല

വാർഡ് നം	അനുവദിച്ച തുക ₹	ചെലവഴിച്ച തുക ₹	നീക്കി ബാക്കി ₹
XI	10000/-	9000/-	1000/-
XII	10000/-	9500/-	500/-
XIII	10000/-	9500/-	500/-
XV	10000/-	9600/-	400/-
XVI	10000/-	9500/-	500/-
			2900/-

ടി തുക 2900/- രൂപ തിരികെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-16 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

പ്രോജക്ടിന്റെ നമ്പർ, പേര്	18, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (ആയൂർവേദം)
അടങ്കൽ	₹5,00,000/-
ചെലവ്	₹2,00,000/-
ബിൽ നമ്പർ	05-10.08.2021

ഹോമിയോ ഡിസ്പെൻസറിയിലേക്ക് ആവശ്യമായ മരുന്ന് വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപതിക് കോർപ്പറേറ്റീവ് ഫാർമ്മസി ലിമിറ്റഡ് (*ഹോംകോ)* എന്ന സ്ഥാപനത്തിന് *200000/-* രൂപ കൈമാറിയിട്ടുണ്ട്. LF-301-08.07.2022 നമ്പർ ഇൻവോയിസ് പ്രകാരം 88,958/- രൂപയുടെയും LF-1287-13.12.22 നമ്പർ ഇൻവോയിസ് പ്രകാരം 54302/- രൂപയുടെയും മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. 56740/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്. മരുന്നുകൾ ലഭ്യമാകുന്നത് വരെ 56740/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് ആയതിന്റെ വിശദാംശം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻകയറി നമ്പർ – 03-14.12.2022
ഓഡിറ്റിൽ തടസ്സപ്പെടുത്തുന്ന തുക-56740/- രൂപ

1-17 ലൈഫ് ഭവന പദ്ധതി-വീട് നിർമ്മാണം ആരംഭിച്ചിട്ടില്ല

2021-22 സാമ്പത്തിക വർഷങ്ങളിൽ വി.ഇ.ഒ. നിർവ്വഹണം നടത്തിയ ലൈഫ് ഭവനപദ്ധതി പ്രോജക്ടുകളിൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ വീടു പണി ആരംഭിച്ചിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതി	ഗുണഭോക്താക്കൾ	കൈപ്പറ്റിയ തുക, തീയതി
ലൈഫ് ഭവന നിർമ്മാണം (ജനറൽ) 83/22	ശ്രീ സുരേഷ്, മിട്ടൂസ് ഭവനം	40,000/-രൂപ, ചെക്ക് നമ്പർ-1650954/ 27-12-21
ലൈഫ് ഭവന നിർമ്മാണം (എസ് സി പി) 58/22	ശ്രീ ബിജാസ് ലാൽ/സരസ്വതി, ലക്ഷം വീട്/കളീലിൽ തെക്കതിൽ	40,000/-രൂപ, ബിൽ നമ്പർ-14/12-11-21
	ശ്രീമതി തങ്കമണി, കലേഷ് ഭവനം	40,000/-രൂപ, ബിൽ നമ്പർ-14/12-11-21
	ശ്രീമതി അജിത, തുണ്ടിൽ തെക്കതിൽ	40,000/-രൂപ, ബിൽ നമ്പർ-17/9-12-21

ലൈഫ് ഭവന നിർമ്മാണം (ജനറൽ) പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ശ്രീ. സുരേഷ് എന്ന ഗുണഭോക്താവിനെ നിരവധി തവണ നേരിൽ കാണുകയും വീട് പണി ആരംഭിയ്ക്കണമെന്ന് അറിയിച്ചിട്ടും നാളിതുവരെയും വീട് പണി ആരംഭിച്ചിട്ടില്ല എന്നും കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുമെന്നും ഓഡിറ്റ് എൻക്വയറിക്കുള്ള (7/14-12-22) മറുപടിയിൽ വി.ഇ.ഒ. അറിയിച്ചു.
ലൈഫ് ഭവന നിർമ്മാണം (എസ് സി പി) പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെയും വീട് പണി ആരംഭിച്ചിട്ടില്ല എന്നും കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുമെന്നും ഓഡിറ്റ് എൻക്വയറിക്കുള്ള (16/19-12-22) മറുപടിയിൽ വി.ഇ.ഒ. അറിയിച്ചു.

വീടുപണി പൂർത്തീകരിച്ച് രേഖകൾ ലഭ്യമാക്കുന്നതുവരെ മേൽ ഗുണഭോക്താക്കൾക്ക് നൽകിയ 1,60,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക തിരികെ ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 7/14-12-22,16/19-12-22
തടസ്സപ്പെടുത്തുന്ന തുക – 1,60,000/-രൂപ

1-18 ബഡ്സ് സ്കൂളിന്റെ പ്രവർത്തനത്തിനായി തുക മുൻകൂറായി പിൻവലിച്ച് അക്കൗണ്ടിൽ നിക്ഷേപിച്ചു

പദ്ധതി – 70/22 ബഡ്സ് സ്കൂൾ നടത്തിപ്പ്
നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ -₹ 17,00,000/- (വികസന ഫണ്ട് ജനറൽ-₹700000/-
ബ്ലോക്ക് ഷെയർ – ₹500000/-, ജില്ലാ ഷെയർ - ₹500000/-)
ചെലവ് – ₹1200000/- (വികസന ഫണ്ട് ജനറൽ – ₹700000/-
ബ്ലോക്ക് ഷെയർ – ₹500000/-)

ബഡ്സ് സ്കൂളിന്റെ നടത്തിപ്പ് കാര്യക്ഷമമാകുന്നതിലേക്ക് ടീച്ചർ, ആയ എന്നിവർക്ക് ശമ്പളം നൽകുന്നതിനും വാഹനത്തിന്റെ ഇന്ധനം എന്നിവയ്ക്കുമായി നടപ്പിലാക്കിയ പദ്ധതിയാണ്. ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിയ്ക്കാൻ പാടില്ല എന്നിരിക്കേ ടി പദ്ധതിയിൽ വികസന ഫണ്ട്, 700000/-രൂപ, ബ്ലോക്ക് ഫണ്ട്, 500000/-രൂപ എന്നിവ യഥാക്രമം ബിൽ നം.2/3-11-21, ബിൽ നം.7/10-03-22 പ്രകാരം പിൻവലിച്ച് ബഡ്സ് സ്കൂൾ അക്കൗണ്ടിൽ നിക്ഷേപിച്ചു. 2021-22 വർഷത്തിൽ 1254921/-രൂപയുടെ ചെലവാണ് ബഡ്സ് സ്കൂളിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഉണ്ടായത്. 31-3-21 ൽ 786750/- രൂപ വിദ്യാഭ്യാസ വകുപ്പിന്റെ 2020-21 വർഷത്തെ ഗ്രാന്റായി ലഭിച്ചിട്ടും പദ്ധതി പ്രകാരം 1200000/- രൂപ പിൻവലിച്ച് ബഡ്സ് സ്കൂൾ അക്കൗണ്ടിൽ നിക്ഷേപിച്ചു. 31-3-22 ൽ 499250/- രൂപ വിദ്യാഭ്യാസ വകുപ്പിന്റെ 2021-22 വർഷത്തെ ഗ്രാന്റായി ലഭിച്ചു. 31-3-22 ൽ ബഡ്സ് സ്കൂൾ അക്കൗണ്ടിൽ 1944531/- രൂപ ബാലൻസ് ഉണ്ട്.

പദ്ധതി പ്രകാരം തുക മുൻകൂറായി പിൻവലിച്ച് അക്കൌണ്ടിൽ നിക്ഷേപിച്ചതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ ബഡ്സ് സ്കൂളിന്റെ നടത്തിപ്പിനായി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും അസിസ്റ്റന്റ് സെക്രട്ടറി കൺവീനറായുമുള്ള വികസന മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ച് വരികയാണ് എന്നും ബഡ്സ് സ്കൂളിന്റെ പ്രവർത്തനത്തിനായി ലഭിക്കുന്ന എല്ലാ ഫണ്ടുകളും ഈ സമിതിയുടെ പേരിൽ നിക്ഷേപിച്ച് ചെലവ് ചെയ്ത് വരികെയാണെന്നും അറിയിച്ചു. ധനകാര്യ വകുപ്പ് ഉത്തരവ് പ്രകാരം ആവശ്യമായ തുക ബിൽ മുഖേന ട്രഷറിയിൽ നിന്ന് പിൻവലിക്കുന്ന രീതിയിൽ ബഡ്സ് സ്കൂളിന്റെ പ്രവർത്തനത്തിന്റെ ചെലവ് നടത്തേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി നമ്പർ-18/20-12-22.

1-19 തൊഴിലുറപ്പ് പദ്ധതി അവലോകനം

2021-22 വർഷത്തിലെ ലേബർ ബഡ്ജറ്റ് പ്രകാരം പദ്ധതി അടങ്കൽ 71965000/- രൂപയായിരുന്നു. 171803 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. വേതനമിനത്തിൽ 50005000/-രൂപയുടെ ചെലവ് നടന്നിട്ടുണ്ട്. മെറ്റിരിയൽ ഇനത്തിൽ 14920000/- രൂപയും സ്കിൽഡ്-സെമിസ്കിൽഡ് ഇനത്തിൽ 4212000/- രൂപയും ചെലവായിട്ടുണ്ട്. 5836 കുടുബങ്ങളിൽ നിന്നും 9366 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 3324 സജീവ തൊഴിലാളികൾ നിലവിലുണ്ട്. 1070 കുടുംബങ്ങൾക്ക് 100 ദിനങ്ങൾ നൽകി 4 റോഡു പ്രവൃത്തിഉൾപ്പടെ, ജലസംരക്ഷണ പ്രവർത്തികൾ, ഭൂവികസനം, കാലിത്തൊഴുത്ത് നിർമ്മാണം, ആട്ടിൻ തൊഴുത്ത് നിർമ്മാണം, കോഴിക്കൂട് നിർമ്മാണം എന്നീ പ്രവൃത്തികളും ഏറ്റെടുത്തിട്ടുണ്ട്.

പൊതു അപാകതകൾ

വ്യക്തിഗത ആനുകൂല്യങ്ങളായ നിർമാമാണപ്രവൃത്തികൾക്ക് ഗുണഭോക്താക്കൾ ഹാജരാക്കുന്ന ബിൽ തുകയിൽ നിജപ്പെടുത്താതെ എസ്റ്റിമേറ്റ് നിരക്കു നൽകുന്നതു മൂലം അധിക ചെലവ് ഉണ്ടാകുന്നു. വ്യക്തിഗത ആനുകൂല്യങ്ങളായ കാലിത്തൊഴുത്ത് നിർമ്മാണം, കോഴിക്കൂട് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം എന്നീ ഇനങ്ങളിൽ നിർമ്മാണപ്രവൃത്തിക്ക് ആവശ്യമായ സാമഗ്രികളുടെ ബിൽ തുക എസ്റ്റിമേറ്റ് നിരക്കിനെക്കാൾ കുറവുള്ളപ്പോഴും എസ്റ്റിമേറ്റ് നിരക്കു നിരക്കു നൽകുന്നതുമൂലം അധിക ചെലവുണ്ടാകുന്നു. ഇത്തരം പ്രവൃത്തികളിൽ യഥാർത്ഥചെലവോ, എസ്റ്റിമേറ്റു പ്രകാരമുള്ള ചെലവോ ഇതിൽ കുറവുള്ള തുകയാണ നൽകേണ്ടത്..ഉദാ-

ക്രമ നം	പ്രവൃത്തിയുടെ പേര്	മെറ്റീരിയൽ വിവരം	എസ്റ്റിമേറ്റ് നിരക്ക്/m^3	ബിൽ പ്രകാരമുള്ള നിരക്ക്/m^3	അധികം രൂപ
1	കാലിത്തൊഴുത്ത് നിർമ്മാണം lF-698695 ബിന്ദിഷാജി അളവു പുസ്തകം- 152-21-22 ആകെ ചിലവ്-119968	സിമന്റ്- 0.85sണ	11328 നല്കിയ തുക-9628.8	7015 നല്കാവുന്ന തുക-5962	3666.8
		ചരൽ മണൽ-1.4m3 ഫൈൻ സാന്റ്-1m3	2551.5 നല്കിയ തുക-3572.1 1979.25 നൽകിയ തുക-1979.25	1483..23 നല്കാവുന്ന തുക-2076.5 1483.23 നൽകാവുന്നതുക 1483.23	1068.27 496
		മെറ്റൽ 20mm-0.5m3	2388.75 നൽകിയ	1483.23 നൽകാവുന്ന തുക	452.6

			തുക-1194.3	741.6	
		മെറ്റൽ 40mm-1m3	2283.75 നൽകിയ തുക-2283.75	1483.23 നൽകാവുന്നതുക 1483.23	800.75
2.	ആട്ടിൻക്കൂട് നിർമ്മാണം lF-544358- തോമസ് അളവ് പുസ്തകം- 32-21-22 ആകെ ചെലവ്-46771	സിമന്റ്- 0.2313ടണ	8400 നല്കിയ തുക-1932	8060 നല്കാവുന്ന തുക-1864	67.7
		സിമന്റ് കട്ട 257എണ്ണം	35 നല്കിയ തുക-8995	24 നല്കാവുന്ന തുക-6168	2827
		മണൽ (0..4m3	1986 നല്കിയ തുക-794	1483.23 നല്കാവുന്ന തുക-593.2	200.7
		ഫൈൻസാന്റ് 0.32m3	1921 നല്കിയ തുക-614.7	1483.23 നല്കാവുന്ന തുക-474.6	140
3	കാലിത്തൊഴുത്ത് നിർമ്മാണം lF-583430 പ്രസന്ന ആകെ ചിലവ്- 125720	സിമന്റ്- 0.84ടണ്	8400 നല്കിയ തുക-7056	7800 നല്കാവുന്ന തുക-6552	504
		മണൽ (.1.5m3	1986.6 നല്കിയ തുക-2979.9	1412.6 നല്കാവുന്ന തുക-2118.9	861
		ഫൈൻസാന്റ് .1m3	1921.5 നല്കിയ തുക-1921.5	1412.6 നല്കാവുന്ന തുക-1412.6	508.9
		മെറ്റൽ 20mm-0.54m3	2761.5 നല്കിയ തുക-1491	1483.23 നല്കാവുന്ന തുക-800.9	690
		മെറ്റൽ 10mm-0.03m3	3076.5 നല്കിയ തുക-92.29	1483.23 നല്കാവുന്ന തുക-44.4	47.7
4	കാലിത്തൊഴുത്ത് നിർമ്മാണം lF-683358 അളവ് പുസ്തകം- 120-21-22 ആകെ ചിലവ്-112087	സിമന്റ്- 0.86ടണ	11329 നല്കിയ തുക-9742	8200 നല്കാവുന്ന തുക-7052	2690
		മണൽ (.1.48m3	2551.5 നല്കിയ	1483.23നല്കാവുന്ന തുക-2195.1	1581

			തുക-3776.2		
		ഫൈൻസാന്റ് 1.05m3	2388.75 നല്കിയ തുക-2508.1	1483.23 നല്കാവുന്ന തുക-1557.3	950.7
		മെറ്റൽ 20mm-0.58m3	2388.75 നല്കിയ തുക-1385.4	1483.23 നല്കാവുന്ന തുക-860,2	525
		മെറ്റൽ 10mm-0.06m3	2399.25 നല്കിയ തുക-143.95	1483.23 നല്കാവുന്ന തുക-88.99	54.9
		മെറ്റൽ 1-40mm-1.08m3	2283.75 നല്കിയ തുക-2466.45	1483.23 നല്കാവുന്ന തുക-1601.8	864.6

സ്കിൽഡ് സെമി സ്കിൽഡ് വേതനം എസ്റ്റിമേറ്റ് പ്രകാരം ക്രമപ്പെടുത്തുന്നില്ല.
പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പ്രവൃത്തിക്ക് ആവശ്യമായ സ്കിൽഡ്-സെമിസ്കിൽഡ് മനുഷ്യദിനങ്ങൾ രേഖപെടുത്തിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ മസ്റ്ററോൾ പ്രകാരം സ്കിൽഡ-സെമിസ്കിൽഡ് മനുഷ്യദിനങ്ങൾ ഇതുമായി പൊരുത്തപ്പെടുന്നില്ല. എസ്റ്റിമേറ്റിൽ ഉള്ളതിനെക്കൾ അധികം മനുഷ്യദിനങ്ങളാണ് സ്കിൽഡ് വിഭാഗത്തിൽ രേഖപ്പെടുത്തുന്നത്. സെമിസ്കിൽഡ് കുറച്ചും രേഖപ്പടുത്തുന്നു. എന്നാൽ ഈ വിഭാഗങ്ങളിലെ ആകെ വേതനം. എസ്റ്റിമേറ്റിൽ അധികമായി നൽകുന്നില്ല. ഉദാ-

പ്രവൃത്തിയുടെ പേര്	എസ്റ്റിമേറ്റ് പ്രകാരം സ്കിൽഡ് വേതനം	അളവു പുസ്തകപ്രകാരം നല്കിയ സ്കിൽഡ് വേതനം	എസ്റ്റിമേറ്റ് പ്രകാരം സെമി സ്കിൽഡ് വേതനം	അളവു പുസ്തകപ്രകാരം നല്കിയ സെമിസ്കിൽഡ് വേതനം	ആകെ സ്കിൽഡ്-സെമി സ്കിൽഡ് വേതനം എസ്റ്റിമേറ്റ് പ്രകാരം	ആകെ സ്കിൽഡ്-സെമി സ്കിൽഡ് വേതനം അളവു പുസ്തകപ്രകാരം
കാലിത്തൊഴുത്തു നിർമ്മാണം ആനന്ദ ബിന്ദു IF 583347 അളവു പുസ്തകം-77-21-22	10010,5	18650	21818.61	8500	31829.11	27150
കാലിത്തൊഴുത്തു നിർമ്മാണം റംലത്ത് IF 636931 അളവു പുസ്തകം-124-21-22	7108.9	10200	19994.29	10450	27102.2	20650
കാലിത്തൊഴുത്തു നിർമ്മാണം വൽസല IF 651180	6763.58	19450	23679.61	10200	30443.19	29650

അളവു പുസ്തകം-83-21-22						

സ്കിൽഡ് സെമി സ്കിൽഡ് വേതനം എസ്റ്റിമേറ്റ് പ്രകാരം നിജപ്പെടുത്തേണ്ടതാണ്

1-20 പ്രാഥമിക ആരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

പ്രോജക്ടിന്റെ നമ്പർ, പേര്	20, പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)
അടങ്കൽ	₹2000000/-
ചെലവ്	₹1199944/-
ബിൽ നമ്പർ	02-8.6.2021 4-4.8.21 12-30.10.21 15-14.12.21 23-22.03.22

പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് ആവശ്യമായ മരുന്ന് വാങ്ങുന്നതിനായി മേൽ പറഞ്ഞ പ്രകാരം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ടി പദ്ധതിയിൽ ഉൾപ്പെടുത്തി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് *500000/-* രൂപ കൈമാറിയിട്ടുണ്ട്. ആയതിൽ 150705/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്. മരുന്നുകൾ ലഭ്യമാകുന്നത് വരെ 150705/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് ആയതിന്റെ വിശദാംശം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻകയറി നമ്പർ – 11-19.12.2022
ഓഡിറ്റിൽ തടസ്സപ്പെടുത്തുന്ന തുക-150705/- രൂപ

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2020-21	15.12.2022, 16.12.2022	കെ.എസ്.എ.കെ.എൽ.എം.പി.10/44/23 തീയതി 25/03/2023

4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക ₹	പ്രോജക്ടിന്റെ പേര്	ചെലവ് ₹	ബാലൻസ്
ജില്ലാ പഞ്ചായത്ത്	2021-22	216750/-	സമഗ്ര നെൽകൃഷി വികസനം	216750/-	0
ജില്ലാ പഞ്ചായത്ത്	2021-22	1442705/-	ബഡ്സ് സ്കൂൾ നിർമ്മാണം	1442705/-	0
ജില്ലാ പഞ്ചായത്ത്	2021-22	191900/-	ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്	191900/-	0
ജില്ലാ പഞ്ചായത്ത്	2021-22	446922/-	അംഗൻവാടി അന്നപൂരക പോഷകാഹാര പരിപാടി- ജനറൽ	446922/-	0
ജില്ലാ പഞ്ചായത്ത്	2021-22	100000/-	ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം	100000/-	0
ജില്ലാ പഞ്ചായത്ത്	2021-22	1140000/-	ലൈഫ്-ഭവന നിർമ്മാണം(എസ് സി പി)	1140000/-	0
ജില്ലാ പഞ്ചായത്ത്	2021-22	200000/-	ലൈഫ് മൂന്നാം ഘട്ടം – ഭൂരഹിതർക്ക് ഭൂമിവാങ്ങൽ	200000/-	0
ജില്ലാ പഞ്ചായത്ത്	2020-21	9600000/-	ലൈഫ്-ഭവന നിർമ്മാണം(ജനറൽ)	960000/-	
ജില്ലാ പഞ്ചായത്ത്	2020-21	424553/-	ശൂരനാട് കുഞ്ഞൻപിള്ള മലയാള ഭാഷ പഠന ഗവേഷണ കേന്ദ്രം	424553/-	0
ജില്ലാ പഞ്ചായത്ത്	2020-21	99430/-	സുഭിക്ഷകേരളം-വീട്ടുവളപ്പിലെ കുളത്തിൽ മത്സ്യകൃഷി	99430/-	0
ബ്ലോക്ക് പഞ്ചായത്ത്	2021-22	204000/-	സമഗ്ര നെൽകൃഷി വികസനം	204000/-	0
ബ്ലോക്ക് പഞ്ചായത്ത്	2021-22	500000/-	ബഡ്സ് സ്കൂൾ നിർമ്മാണം	500000/-	0
ബ്ലോക്ക് പഞ്ചായത്ത്	2021-22	168000/-	ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം	168000/-	0
ബ്ലോക്ക് പഞ്ചായത്ത്	2021-22	1163653/-	ലൈഫ്-ഭവന നിർമ്മാണം(എസ് സി പി)	1163653/-	0
ബ്ലോക്ക് പഞ്ചായത്ത്	2021-22	24656/-	ലൈഫ് മൂന്നാം ഘട്ടം -ഭൂരഹിതർക്ക് ഭൂമിവാങ്ങൽ	24656/-	0
ബ്ലോക്ക് പഞ്ചായത്ത്	2021-22	500000/-	ബഡ്സ് സ്കൂൾ നടത്തിപ്പ്	500000/-	0
ബ്ലോക്ക് പഞ്ചായത്ത്	2020-21	920000/-	ലൈഫ്-ഭവന നിർമ്മാണം(ജനറൽ)	920000/-	0

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

പ്രോജക്ട് നം /പേര്	നിർവഹണ ഏജൻസി		ചെലവ് വിശദാംശം		
			ചെക്ക് നം / ബിൽനം	തീയതി	തുക ₹
106/22 വാട്ടർ ടെസ്റ്റിങ് ലാബ്	കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ		ബിൽനം 28	19-03-2022	100000/-
113 / 22 പോസ്റ്റ് ഷിഫ്റ്റിംഗ്	കെ എസ് ഇ ബി	SKT/BK-6/3-1 വാർഡ് 9	Pfms (Cfc)	13/09/2021	5939/-
		വാർഡ് -12	Pfms (Cfc)	11/10/2021	7599/-
		SKT TK 54/09,10,08,06 വാർഡ് 06	Pfms (Cfc)	22/12/2021	47974/-
		SN/KM 174 വാർഡ് 16	Pfms (Cfc)	19/01/2022	15579/-
		SKT TK 93/6/B, SKT TK 93/6/A വാർഡ് 7	Pfms (Cfc)	19/01/2022	10986/-
					288077/-

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 13500000/-രൂപ വരവുണ്ട്. മുൻബാക്കി 830000/- രൂപയടക്കം 14330000/- രൂപയിൽ 14300000/-രൂപ വിനിയോഗിച്ചിട്ടുണ്ട്. 30000/- രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാൻ അവശേഷിക്കുന്നു. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തീയതി	തൻ വർഷ വായ്പ തുക (₹)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹)	തൻവർഷം തിരിച്ചടച്ച തുക(₹)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹)
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി	സ.ഉ.(സാധാ) 5105/19 തീയതി 1/8/19	13500000/-	42000000/-	6776000/-		48724000/-

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡികൾ ഉൾപ്പെട്ടിട്ടില്ല

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക (രൂപ)		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
ഇല്ല			

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക ₹	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-12	44630/-	ശ്രീ. മേരീദാസൻ, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് / ശ്രീ. അജ്മൽ ജെ., സെക്രട്ടറി
1-13	11270/-	ശ്രീ. മേരീദാസൻ, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് / ശ്രീ. അജ്മൽ ജെ., സെക്രട്ടറി
1-14	713016/-	ശ്രീ.അജ്മൽ ജെ, സെക്രട്ടറി
1-15	2900/-	ശ്രീമതി ശ്രീലക്ഷ്മി എസ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)
1-16	56740/-	ശ്രീമതി മിനി എസ് പൈ, മെഡിക്കൽ ഓഫീസർ (ആയുർവേദം)
1-17	160000/-	ശ്രീ. വിശാൽ രാജ് ആർ, വി.ഇ.ഒ.
1-20	150705/-	ശ്രീമതി ശ്രീലക്ഷ്മി എസ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക (₹)
ഇല്ല	-

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. അജ്മൽ ജെ., സെക്രട്ടറി	ഇൻഫർമേഷൻ കേരള മിഷൻ (ഡെപ്യൂട്ടേഷൻ)	അയിക്കര പുത്തൻവീട് പട സൗത്ത്, കരുനാഗപ്പള്ളി
ശ്രീമതി ശ്രീലക്ഷ്മി എസ്. മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) ശൂരനാട് തെക്ക്	ലക്ഷ്മികൃപ, ഇടക്കുളങ്ങര പി.ഒ, കരുനാഗപ്പള്ളി
ശ്രീമതി മിനി എസ് പൈ, മെഡിക്കൽ ഓഫീസർ (ആയുർവേദം)	മെഡിക്കൽ ഓഫീസർ (ആയുർവേദം) ശൂരനാട് തെക്ക്	അനുഗ്രഹ, കുടുംബന്നൂർ പ്രാവച്ചമ്പലം, നേമം പി.ഒ
ശ്രീ. നിഷാന്ത്, വെറ്ററിനറി സർജൻ	വെറ്ററിനറി സർജൻ, ശൂരനാട് തെക്ക്	കൃഷ്ണഭവൻ, എസ്.ആർ.പി. മാർക്കറ്റ്

		തഴവ
ശ്രീ. മേരീദാസൻ സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് ശൂരനാട് തെക്ക്	കൊന്നയിൽ വീട്, മാലിഭാഗം,ചവറ
ശ്രീ. വിശാൽ രാജ് ആർ, വി.ഇ.ഒ.	വി.ഇ.ഒ., ചവറ ഗ്രാമപഞ്ചായത്ത്	ഒറ്റാവിളയിൽ വീട്, ചവറ-691583

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1997-98	എൽ.എഫ്.കൃ.പി8/1396(3)/14 തീ.24.6.14	3
1999-00	എൽ.എഫ്.കൃ.പി8/1396(5)/14തീ.24.6.14	5
2001-02	എൽ.എഫ്.കൃ.പി8/1396(7)/14തീ.24.6.14	2
2002-03	എൽ.എഫ്.കൃ.പി8/1396(8)/14തീ.24.6.14	4
2003-04	എൽ.എഫ്.കൃ.പി8/1396(9)/14തീ.24.6.14	2
2004-05	എൽ.എഫ്.കൃ.പി8/1396(10)/14തീ.24.6.14	4
2005-06	എൽ.എഫ്.കൃ.പി8/1396(11)/14തീ.24.6.14	4
2006-07	എൽ.എഫ്.കൃ.പി8/1396(12)/14തീ.24.6.14	6
2007-08	എൽ.എഫ്.കൃ.പി8/1396(13)/14തീ.24.6.14	6
2008-09	എൽ.എഫ്.കൃ.പി8/1396(14)/14തീ.24.6.14	2
2009-10	എൽ.എഫ്.കൃ.പി8/1396(15)/14തീ.24.6.14	6
2010-11	എൽ.എഫ്.കൃ.പി8/1396(16)/14തീ.24.6.14	6
2011-12	കെ.എസ്.എ. – കെ.എൽ.എം.പി10/അദാലത്ത്/11-12/1527/22 തീ 22.08.22	6
2012-13 & 2013-14	കെ.എസ്.എ. – കെ.എൽ.എം.പി10/അദാലത്ത്/12-13, 13-14/ 1527/22 തീ 22.08.22	8
2014-15	കെ.എസ്.എ. – കെ.എൽ.എം.പി10/അദാലത്ത്/14-15/1527/22 തീ 22.08.22	7
2015-16	കെ.എസ്.എ. – കെ.എൽ.എം.പി10/അദാലത്ത്/15-16/1527/22 തീ 22.08.22	5
2016-17	കെ.എസ്.എ. കെ.എൽ.എം.പി.10/1724/17 തീയതി, 20.10.2017	9
2017-18	കെ.എസ്.എ. കെ.എൽ.എം.പി. 10/206/19 തീയതി,26/03/19	6
2018-19	കെ.എസ്.എ. കെ.എൽ.എം.പി. 10/479/2020 തീയതി, 10/06/20	6
2019-20	കെ.എസ്.എ. കെ.എൽ.എം.പി. 10/79/2022 തീയതി, 22/06/2022	എല്ലാ ഖണ്ഡികകളും
2020-21	കെ.എസ്.എ. കെ.എൽ.എം.പി. 10/1220/2022 തീയതി 25/07/2022	എല്ലാ ഖണ്ഡികകളും

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3

അനുബന്ധപത്രികകൾ

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	സംക്ഷിപ്തം (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
3	ബാലൻസ് ഷീറ്റ്	

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.